അഗ്രി എക്സ്പോർട്ട് സോണുകളിൽ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന കർഷകർക്ക് സബ്സിഡി

105 [2074] ശ്രീ. ടി. എൻ. പ്രതാപൻ:

,, ജി. പ്രതാപവർമ്മ തമ്പാൻ:

,, അടൂർ പ്രകാശ്:

.. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രി എക്സ്പോർട്ടു സോണുകളിൽ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടി കൃഷി നടത്തുന്ന കർഷകർക്ക് എന്തെങ്കിലും സബ്സിഡി നൽകുന്നുണ്ടോ;

(ബി) എങ്കിൽ വിവിധ കാർഷിക വിളകൾക്ക് എന്തുതുക വീതം സബ്സിഡി നൽകുന്നുണ്ട്;

(സി) ഈ കർഷകർക്ക് ആവശ്യമായ ജൈവവളം നൽകുന്നുണ്ടോ;

(ഡി) ഇവർക്ക് ജൈവവളം ലഭിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാഴ, കൈതച്ചക്ക, തനതു പച്ചക്കറികൾ എന്നീ വിളകൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്തു കയറ്റുമതി പ്രോൽസാഹിപ്പിക്കുക വഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തിൽ വിളകളുടെ വിസ്തൃതി വ്യാപനത്തിനായി വാഴയ്ക്ക് ഹെക്ടറിന് 15,000 രൂപയും കൈതച്ചക്കയ്ക്ക് ഹെക്ടറിന് 5,000 രൂപയും പച്ചക്കറിക്ക് ഹെക്ടറിന് 5,000 രൂപയും ധനസഹായം നൽകുന്നു. കൂടാതെ സംയോജിത കീട നിയന്ത്രണത്തിന് ഹെക്ടറിന് 1,200 രൂപയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കലിന് ഹെക്ടറിന് 5,000 രൂപയും വാണിജ്യാടിസ്ഥാനത്തിലുള്ള ഫാമുകൾക്ക് 10 ഹെക്ടർ വിസ്തീർണ്ണമുള്ള ഒരു യൂണിറ്റിന് 4.5 ലക്ഷം രൂപയും നൽകുന്നു.

(സി) കാർഷിക കയറ്റുമതി മേഖലാ പദ്ധതിയിൽ ജൈവവളം വിതരണം ചെയ്യാനുള്ള ഘടകം പ്രത്യേകമായി നടപ്പിലാക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കേരള ഭൂവികസന കോർപ്പറേഷന്റെ പ്രവർത്തനം

106 [2075] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഭൂവികസന കോർപ്പറേഷൻ കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ വരുത്തിയ ചെലവെത്രയെന്നും ഓരോ സാമ്പത്തിക വർഷവും നേടിയ ലാഭവും നഷ്ടവും എത്രവീതമാണെന്നും വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly